# അക്കാദമിക് മാസ്റ്റർപ്ലാൻ

37051

2025-2026

NSSHS VAIPUR

MALLAPPALLY

# ആമുഖം

എൻ.എസ്.എസ് ഹൈസ്കൂൾ വായ്പ്പൂര്

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 1928 ൽ സ്ഥാപിതമായ 97 വർഷം പഴക്കമുള്ള ഒരു വിദ്യാലയമാണ്.

2025 - 2026 അദ്ധ്യയന വർഷത്തിൽ യു.പി. വിഭാഗത്തിൽ 79 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 115 ഉം കുട്ടികൾ ഉണ്ട്. പഠനസാഹചര്യങ്ങൾ ഒത്തിണങ്ങിയ ഈ വിദ്യാലയത്തിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 13 അദ്ധ്യാപകരും, 4 അനദ്ധ്യാപകരും ഇവിടെയുണ്ട്.

# സ്കൂൾ മാസ്റ്റർപ്ലാൻ - മലയാളം

## ലക്ഷ്യങ്ങൾ

1 ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവുണ്ടാക്കുക.

2 മികച്ച വായനാശീലം വികസിപ്പിക്കുക.

3 അക്ഷര സ്ഫുടത ആർജ്ജിക്കുക.

4 കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

5 മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക.

6 മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി കൈവരിക്കുക.

7 ഭാഷാപരമായ കഴിവ് നേടുക.

8 ഭാഷാ പഠനത്തിൽ ഐ.ടി. സാദ്ധ്യത പ്രയോജനപ്പെടുത്തുക

9 C.W.S.N. കുട്ടികളുടെ പ്രാധാന്യം

10 ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

11 കലകൾ ആസ്വദിക്കുന്നതിനുള്ള ശേഷി വളർത്തുക.

12 പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.

| പദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 എത്രമാത്രം അറിയാമെന്ന് പരിശോധിക്കുന്നു.<br>2. അക്ഷരം ഉറപ്പിക്കൽ നിരന്തരം എഴുതിക്കുന്നു.<br>3. അക്ഷരകാർഡ് നൽകൽ (CWSN)<br>4 വാക്കുകൾ എഴുതിയ കാർഡ് (CWSN)<br>5 സ്വന്തമായി വാക്കുകൾ നിർമ്മിക്കാൻ പരിശീലനം.<br>6 വാക്യ നിർമ്മാണം.<br>7 ചിത്രം കാണിച്ച് വാക്കുകൾ എഴുതിക്കൽ.<br>8 സി.ഡി.യിൽ ഒരു ചിത്രം നല്കി വാക്യങ്ങൾ എഴുതൽ.<br>9 കഥ പറഞ്ഞു കൊടുത്ത് കഥയുടെ ബാക്കിഭാഗം എഴുതിക്കൽ<br>10 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകം പരിശീലിപ്പിക്കുന്നു. | 3 മാസം<br>ദീർഘകാലം | 5, 6, 7, 8, 9, 10 |
| 2. വായനക്കൂട്ടം രൂപീകരിക്കൽ | 1 സ്കൂൾ ലൈബ്രറി പരിചയപ്പെടുത്തൽ<br>2. വായനോത്സവം സംഘടിപ്പിക്കൽ (ജൂൺ 19 വായനാദിനവുമായി ബന്ധപ്പെട്ട്)<br>3 വായനാനുഭവം പങ്കുവയ്ക്കൽ<br>4 പത്രവായന<br>5 വായനക്കുറിപ്പ് തയ്യാറാക്കൽ<br>6 വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം | 6 മാസം | 5 മുതൽ 10 വരെ |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്. |
|---|---|---|---|
| | 7 എഴുത്തുകാരെ പരിചയപ്പെടൽ<br>8 സാഹിത്യപരമായി പ്രധാനപ്പെട്ട ദിനങ്ങൾ ആഘോഷിക്കുക.<br>9. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ദീർഘകാലം | 5 മുതൽ 10 വരെ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. ലൈബ്രറിയിൽ നിന്ന് ലഭിക്കുന്ന പുസ്തകങ്ങൾ കൈമാറി വായിക്കുക.<br>2. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുക.<br>3. പതിപ്പ് തയ്യാറാക്കൽ<br>4 വായനക്കുറിപ്പ്<br>5 പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ് (സ്കൂൾ അസംബ്ലിയിൽ തുടക്കം) | സെപ്തംബർ മുതൽ ഡിസംബർ വരെ<br>ദീർഘകാലം | 5 മുതൽ 10 വരെ |
| 4 കലകൾ പരിചയപ്പെടൽ | മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലും വിവിധ കലാരൂപങ്ങൾ പഠിക്കാനുണ്ട്.<br>1. കലാരൂപങ്ങൾ പരിചയപ്പെടുത്തൽ<br>2 കലയും സംസ്കാരവും തമ്മിലുള്ള ബന്ധം.<br>3. കലകളുടെ വിഭജനം ക്ലാസിക്കൽ, നാടോടി, അനുഷ്ഠാനം.<br>4 കഥകളി, വാദ്യകല തുടങ്ങിയവ കേരളീയ സംസ്കാരത്തിന്റെ മുഖമുദ്രകളാണ്.<br>5. യുവജനോത്സവത്തിൽ വ്യത്യസ്ത കലാരൂപങ്ങൾ അവതരിപ്പിക്കുക. | മധ്യകാലം | 5 മുതൽ 10 വരെ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - UP

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ്സ് ടീച്ചർ | - |
| 2. ഇംഗ്ലീഷ് ഡയറി :- തെറ്റില്ലാതെ വായിക്കാനും ഇംഗ്ലീഷ് എഴുതുവാനുമുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - |
| 3. ഇംഗ്ലീഷ് കത്തെഴുത്ത് :- ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | ക്ലാസ്സിലെ ഒരു മാസത്തെ പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റു ക്ലാസ്സിലെ കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവെക്കൽ. | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | - |
| 4. ഗ്രാമർ സ്കൂൾ :- വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | വ്യാകരണത്തിനു പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സുകൾ | ഇംഗ്ലീഷ് അദ്ധ്യാപിക | - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5. പദപ്രശ്ന നിർമ്മാണം :- കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - |
| 6. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കണ്ടെത്തൽ | അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ (നാടകീകരണം, പാവകളി, കഥാപ്രസംഗം രൂപം മുതലായവ) കണ്ടെത്തൽ | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ടീച്ചർ | - |
| 7. പബ്ലിക് സ്പീക്കിംഗ് : ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ആത്മധൈര്യം വളർത്തുന്നതിനായി. | ഓഡിയോ, വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകുക. | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | ഇംഗ്ലീഷ് ടീച്ചർ | - |
| 8. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • കടംകഥകൾ, കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br>• കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | എല്ലാ ഇംഗ്ലീഷ് പീരിഡും<br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | |

Subject: English    ഇംഗ്ലീഷ് വിഭാഗം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സംഭാഷണം നൽകൽ. ഓരോ ക്ലാസ്സുകാർക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ |
| 2 | ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | • Spoken English class<br>• English Library.<br>• English Corner Story time.<br>• English Cartoon പ്രദർശനം. | അവധിക്കാല / ശനി | ടീച്ചേഴ്സ് |
| 3. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | • Cinema & Documentary<br>• ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | [illegible] | ടീച്ചർ |
| 4 | | • Roleplay English Day, Seminars, ചർച്ചകൾ, പ്രസംഗങ്ങൾ, ഇംഗ്ലീഷ് കവിതകളുടെ കവിതകൾ. | പ്രത്യേക ദിവസങ്ങൾ | English Teachers. |

| | | | | |
|---|---|---|---|---|
| 4. | നാടകീകരണം | Skit, Puppet show, English Lab, ഇവയുടെ പ്രവർത്തനങ്ങൾ | 1 വർഷം. | ടീച്ചർ. |
| 5 | കവിതാലാപനത്തിലും കവിതാ രചനയിലും ഉയർത്തുന്നു. | English audio കേട്ട് താളത്തിൽ പാടൽ, കവിതാ രചന, പോസ്റ്റർ മത്സരങ്ങൾ | vacation/ Saturday/ | English Teacher |
| 6. | സംഭാഷണ ശേഷി വർദ്ധിപ്പിക്കുന്നു. | Native speakers-ഉമായി സംസാരിക്കാനും സംവാദം നടത്താനും അവസരം. | Saturday/ vacation. | English Teacher |
| 7. | | • വിദേശത്തുള്ള English Writers, Poets... ഇവരുമായി Video conference നടത്തുന്നു. | പ്രോഗ്രാം വർഷത്തിൽ 2 തവണ | English Club. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ (ഹിന്ദി) - യു.പി.

### ഹിന്ദി വായന

ലക്ഷ്യം - യു.പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

### പ്രവർത്തനങ്ങൾ

ഹിന്ദി ലൈബ്രറി ഒരുക്കൽ കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ലൈബ്രറി ഒരുക്കും.

വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ഹിന്ദി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ ലൈബ്രറിയിൽ ലഭ്യമാക്കും.

വായനകാർഡുകൾ തയ്യാറാക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനകാർഡുകൾ തയ്യാറാക്കും. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വസ്തുക്കൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും.

ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ (ഹിന്ദി) - ലക്ഷ്യങ്ങൾ

1) ഹിന്ദി ഭാഷാപഠനത്തിലെ ആശയങ്ങളിലും ശേഷികളിലും
പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക

2) അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.

3) ശരിയായ ഉച്ചാരണത്തോടെ ഹിന്ദി ഭാഷ സംസാരിക്കാനും
ടെക്സ്റ്റ് മനസ്സിലാക്കാനുള്ള കഴിവ് നൽകുക.

4) ഹിന്ദി സാഹിത്യപഠനത്തിൽ താത്പര്യം വളർത്തുക.

5) സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളി-
കളാക്കുക.

6) ഭാഷാശേഷി വികാസത്തിനായി ഐ.ടി സാധ്യത പ്രയോജന
പ്പെടുത്തുവാനുള്ള കഴിവ് നേടുക.

7) കഥാവായനയിൽ കൂടി സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ
പൂർണ്ണതയിൽ എത്തിക്കുക.

8) വായനാശീലം വളർത്തുക.

9) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ
പ്രാപ്തരാക്കുക. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധരായ എഴുത്തു-
കാരെ പരിചയപ്പെടുത്താൻ വായനശാല ഐ.ടി സൗകര്യ-
ങ്ങൾ ഉപയോഗിക്കുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി - U.P

| Programme | Activity | Duration | സാമഗ്രി | പിന്തുണ. |
|---|---|---|---|---|
| 1) U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ശബ്ദങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുതൽ ചിത്രം ഉപയോഗിച്ച് അക്ഷരകാർഡ്, വാക്കുകളെഴുതിയ കാർഡ്, അക്ഷരമല ചേർത്തുവെച്ച് വാക്യ നിർമ്മാണം, വാക്യനിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷരചാർട്ട് പാഠപുസ്തകം | BRC DIET Resource Teachers |
| 2) വീട് ഉൾപ്പെടെ പരിസരത്തെ (ക്ലാസ്സ്റൂം, വിദ്യാലയം) വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിപ്പിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേര് ഹിന്ദിയിൽ തയ്യാറാക്കുക. ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിചയപ്പെടാനുള്ള അവസരം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ. | ഹിന്ദി നിഘണ്ടു | P.T.A, BRC Resource Teachers. |
| പോസ്റ്റർ രചന | പോസ്റ്റർ കുട്ടികൾ തയ്യാറാക്കുന്നു. | | കുട്ടിക്കവിതകൾ ശേഖരിക്കുന്നു. | |
| കവിതകൾ ചൊല്ലിക്കുന്നു | ചെറിയ കവിതകൾ കുട്ടികൾ ചൊല്ലുന്നു | | | |
| 3) വാക്യങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുക സർഗ്ഗാത്മക കഴിവുകൾ ഭാഷ വികസിപ്പിക്കാൻ അവസരം നൽകുന്നു. (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ലി, ദിനാചരണം ക്ലാസ്സ് ലൈബ്രറി ചിത്രകഥ തയ്യാറാക്കൽ, ആശയവിനിമയശേഷി ഹിന്ദി മാസിക തയ്യാറാക്കൽ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC PTA. |

## ഹിന്ദി ക്ലബ്

വിദ്യാലയത്തിലെ ഹിന്ദി ഭാഷ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കുന്നു. ക്ലാസ്സ് തലത്തിലും വിദ്യാലയ തലത്തിലും പ്രസിഡന്റ്, സെക്രട്ടറി കമ്മിറ്റി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുന്നു.

## വിവിധ സാങ്കേതികവിദ്യ

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രാവ്യസാധനങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സങ്കേതിക വിദ്യ വിനിയോഗിക്കുന്നു.

## ഹിന്ദി എഴുത്ത്

കോപ്പി ബുക്ക് - അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പിബുക്കിൽ വൃത്തിയായി എഴുതുന്നു. അക്ഷരങ്ങൾ അനുരൂപമായി ബന്ധപ്പെട്ട വാക്കുകൾ എന്നിവ കോപ്പിബുക്കിൽ എഴുതുന്നു.

## ഹിന്ദി അസംബ്ലി

ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. ഓരോ ആഴ്ചയിലെയും അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ വായന എന്നിവ ഹിന്ദിയിൽ അവതരിപ്പിക്കുന്നു.

## ഹിന്ദി മത്സരങ്ങൾ

ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തുന്നു.

## ദിനാചരണങ്ങൾ

ഹിന്ദിദിനം, പരിസ്ഥിതിദിനം, ശിശുദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിങ്ങനെ പ്രധാനപ്പെട്ട ദിവസങ്ങളെ പറ്റി ഹിന്ദിഭാഷയിൽ പോസ്റ്ററുകളാക്കി പ്രദർശിപ്പിക്കുന്നു.

## മാസ്റ്റർ പ്ലാൻ (ഹിന്ദി ക്ലാസ്സുകൾ)

| ഹ്രസ്വം | മദ്ധ്യം | ദീർഘം |
|---|---|---|
| 1) ചിത്രം കാണിച്ച് വാക്കുകൾ മനസ്സിലാക്കി കൊടുക്കുന്നു. | 1) വാക്കുകൾ ഉച്ചരിക്കുവാൻ അവസരം നൽകുന്നു. (ഉച്ചാരണ ശേഷി നേടുന്നു). | 1) വാക്യങ്ങൾ രചിക്കുന്നു. |
| 2) പഠിച്ച വാക്കുകൾ കുട്ടി തനിയെ പറയുന്നു. | 2) വാക്കുകൾ എഴുതുന്നു. | 2) അർത്ഥമാക്കുന്ന വാക്കുകൾ കൂട്ടി എഴുതുന്നു. |
| 3) ക്ലാസ്സ് മുറിയിൽ കുട്ടികൾ ഹിന്ദി സംസാരിക്കുന്നു. | 3) ക്ലാസ്സ് മുറിയിൽ കുട്ടികൾ പദകേളി നടത്തുന്നു. | 3) നാടകങ്ങൾ ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്നു. |
| 4) ഐ.ടി സഹായത്തിലൂടെ കവിതകൾ കേൾപ്പിക്കുന്നു. | 4) ചെറിയ ചെറിയ കവിതകൾ ഉദ്ധരിക്കുന്നു | 4) വിഷയ സൂചി കൊടുക്കുമ്പോൾ കഥ, കവിത എന്നിവ രചിക്കുന്നു. |
| 5) ഹിന്ദി വാർത്തകൾ കേൾപ്പിക്കുവാൻ അവസരം നൽകുന്നു. | 5) വാർത്ത കേൾക്കുവാൻ മുന്നിലാകുന്നു. | 5) ഹിന്ദി അസംബ്ലി നടത്തുന്നു. |
| 6) ഹിന്ദിയിൽ കഥ, കവിത രചനകൾ നടത്തുന്നു | 6) കൈയെഴുത്തു മാസികകൾ രചിക്കുന്നു. | 6) ഹിന്ദി ദിനം ആഘോഷിക്കുന്നു. |
| | | 7) പത്രിക പ്രകാശനം. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം - യു.പി തലം.

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിയ്ക്കൽ<br>പ്രീ ടെസ്റ്റ്<br>അക്ഷരകാർഡ് നൽകുക<br>ചിഹ്നങ്ങളുടെ സഹായത്തോടെ പഠനം<br>(ശ്രവണം, വാചനം, ലേഖനം, എന്നീ മേഖലകളിൽകൂടി ഭാഷാ പഠനം | ഹ്രസ്വകാലം (2 മാസം) | • സംസ്കൃത ഭാഷാ പഠനത്തിലെ പരിമിതികളെ മറികടക്കാൻ കുട്ടികളെ സഹായിക്കുന്നു.<br>• ഭാഷാപരമായ ശേഷികളിലെ പിന്നോക്കാവസ്ഥ നികത്താൻ സഹായിക്കുന്നു. |
| 2. | കായിക സംസ്കൃതം (പഠനം കളിയിലൂടെ<br>1. കളികളെക്കുറിച്ചുള്ള അറിവ് നൽകൽ<br>2. കായികപരമായ അറിവ് നൽകൽ<br>3. കളികൾക്കിടയിൽ സംസ്കൃത സംഭാഷണം. | ഹ്രസ്വകാലം (എല്ലാ മാസവും ഒരു തവണ) | • സംഭാഷണസാമർഥ്യം<br>• സംസ്കൃത ജ്ഞാനം<br>• കായികാവബോധം. |
| 3 | സംഭാഷണ സംസ്കൃതം.<br>സംസ്കൃതം ഡിജിറ്റൽ ലൈബ്രറി.<br>സംസ്കൃതം കേൾക്കാനും പറയാനുമുള്ള അവസരം<br>സംസ്കൃതം വാതാവരണം സൃഷ്ടിക്കൽ<br>ഉചിതമായ പ്രോത്സാഹനം നൽകൽ | മധ്യകാലം (വർഷത്തിൽ 1 തവണ) | • സംസ്കൃതജ്ഞാനം<br>• അവതരണപാടവം<br>• സംഭാഷണസാമർഥ്യം. |
| 4 | സംസ്കൃത സാഹിത്യവേദി<br>അറിയുന്ന കലകൾ അവതരിപ്പിക്കാൻ എല്ലാവർക്കും അവസരം നൽകുക. | ഹ്രസ്വകാലം (മാസത്തിൽ 1 തവണ) | • സഭാകമ്പ നിവാരണം<br>• സംസ്കൃത ജ്ഞാനം<br>• അവതരണപാടവം. |

| | അക്കാദമിക് മാസ്റ്റർ പ്ലാൻ<br>വിദ്യാലയ സ്ഥാപനത്തിലുള്ള വിവരശേഖരണം -<br>അറബിക്. | കാലയളവ് | സാമ്പത്തികം | ഏജൻസി. |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | | | |
| ഭാഷ ശുദ്ധത്തിൽ പഠിക്കുവാനും സംസാരിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ്. | ഭാഷാശേഷി തിരിച്ചറിയാൻ കുട്ടിയോടൊപ്പം സമയം ചിലവഴിച്ച് ഓരോരുത്തരുടെയും നിലവാരം കണ്ടെത്തുന്നു. ആവശ്യമായ കൃതികൾ ഉപയോഗിക്കുന്നു. വായന, ചോദ്യാവലി, എഴുത്ത്, അഭിമുഖം, അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകനിർമ്മാണം, ഭാഷാകേളികൾ, ഇടങ്ങി കളികൾ ഉപയോഗിക്കുന്നു. പ്രിയക് ഗ്രൂപ്പ് ചാറ്റ് | 2024 ആദ്യപാദം | 1000 | അറബിക്ക്ളബ്ബ് |
| ഭാഷ പഠിക്കുന്നത് കൊണ്ട് നിത്യജീവിതത്തിൽ ധാരാളം പ്രയോജനം ഉണ്ട് എന്ന ധാരണക്കുറവ്. | വായന ഉത്സവം<br>വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>വാട്സ് ആപ് ഗ്രൂപ്പ് | 2024 രണ്ടാം പാദം | 2500 | പി ടി എ അറബിക് ക്ലബ്ബ് |
| ഭാഷാപഠനം രസകരവും സുഗമവുമാക്കാനുള്ള ഉപകരണങ്ങളുടെ അഭാവം. | അറബിക്കൊരു ചങ്ങാതി<br>ICT വിഭവശേഖരണം<br>ഡിജിറ്റൽ ലൈബ്രറി<br>ഭാഷാലാബുകൾ | 2024-2025 | 3000 | പൂർവ്വ വിദ്യാർത്ഥികൾ പി. ടി. എ കമ്മിറ്റി. |
| അറബിഭാഷ | ഒട്ടകത്തിന്റെ ലോകം | | | അറബിക് |

| | | | | | |
|---|---|---|---|---|---|
| ധാരാളം കാണാനും കേൾക്കാനും എഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ്. | x നോക്കിയെഴുത്ത് മത്സരം<br>x കേട്ടെഴുത്ത് മത്സരം<br>x നല്ല എഴുത്തിന് ഒരു സ്റ്റാർ<br>x കുറിപ്പുകൾ തയാറാക്കൽ<br>x പരമ്പരമുള്ള എഴുത്ത് മത്സരം<br>x എഴുത്ത് പ്രദർശനം | 2024-2025 | | | ക്ലബ്ബ് |
| പഠനത്തോടൊപ്പം സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | അറബിയോടൊപ്പം<br>x അറബിക് മരം<br>x അറബിക് ചുമർ<br>x അറബിക് നൃത്തം<br>x അറബിക് അസംബ്ലി<br>x ക്വിസ് മത്സരം<br>x പോസ്റ്റർ കാർഡ് നിർമ്മാണം<br>x നാലികൾ<br>x പ്ലക്കാർഡുകൾ തയാറാക്കൽ<br>x ചിത്ര പ്രദർശനം | 2024 | 5000 | | അറബിക് ക്ലബ്ബ് |

# Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലദൈർഘ്യം |
|---|---|---|---|
| 1. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | 5-10 | ദീർഘകാലം - നിശ്ചിത തീയതികളിൽ |
| 2. ജനാധിപത്യം ജീവിതശൈലിയായി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ | 5-10 | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ. |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | ICT യുടെ സഹായത്തോടെ ആകാശക്കാഴ്ചകൾ, [illegible] ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | 8-10 | അക്കാദമിക വർഷം മുഴുവനും |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തുക. സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രോജക്ട്, ചർച്ച, സംവാദം, അഭിമുഖം എന്നിവയിലൂടെ | 5-10 | വർഷം മുഴുവനും. |

## Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലദൈർഘ്യം |
| --- | --- | --- | --- |
| 5 ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവയിലൂടെ. | 5 - 10 | വർഷം മുഴുവനും. |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയിലൂടെ. | 5 - 10 | " " |
| 7. സമൂഹത്തിൽ സാമൂഹിക പ്രതിബദ്ധത വളർത്തുക. | സമൂഹത്തിൽ കാണപ്പെടുന്ന എന്തിനെയും വിശകലനം ചെയ്ത് ഒരു നല്ല സമൂഹം നിലനിർത്തേണ്ടതിന്റെ ആവശ്യകത കുട്ടികൾ മനസ്സിലാക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ദോഷകരമായ പ്രവർത്തികളിൽ നിന്ന് മോചിപ്പിക്കുന്നു. കുട്ടികളെ ലഹരി വിരുദ്ധ ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങൾ. | 5 - 10 | " " |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള മികവാശേഖരണം - മേഖല : അടിസ്ഥാന ശാസ്ത്രം UP

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങളും കുട്ടികളെ അർഹരാക്കുക. | • 5,6,7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണ്ണയത്തിനും, പരിഹാരബോധനത്തിനും ആവശ്യമായ കിറ്റുകൾ തയ്യാറാക്കുന്നു.<br>• ഉപകരണനിർമ്മാണ ശില്പശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | ഓരോ ടേമിലും<br>ഓരോ ടേമിലും<br>ഓരോ ടേമിലും | 1000<br>1000<br>5000 | സയൻസ് ക്ലബ് | |
| ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവശേഖരണം<br>• എല്ലാ ക്ലാസുകളിലും സയൻസ് ലാബ്/ശാസ്ത്രകോർണർ<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | എല്ലാ വർഷവും | 10,000 | PTA, സയൻസ് ക്ലബ് | |

# ഭൗതികശാസ്ത്രം, രസതന്ത്രം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രലാബിനെ നവീകരിക്കൽ. | വിഷയാടിസ്ഥാനത്തിൽ വിവിധ ഉപകരണങ്ങളേയും, രാസവസ്തുക്കളേയും തരംതിരിച്ച് ക്രമീകരിക്കുക, ലാബ് പ്രവർത്തനങ്ങൾ സജ്ജമാക്കി കുട്ടികളെ ശാസ്ത്രവിഷയത്തിലേക്ക് അടുപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ്. |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ. | (1) ശാസ്ത്രജ്ഞന്മാരുടെ ആൽബം തയ്യാറാക്കൽ (2) ജീവചരിത്രം ഉൾപ്പെടുത്തി പ്രസ്ചിത്രം നിർമ്മിക്കൽ (3) ദിനാചരണങ്ങൾ ആഘോഷിക്കുക. | പ്രതിമാസം | സയൻസ് ക്ലബ്ബ് |
| ശാസ്ത്രപഠനം രസകരമാക്കൽ | പ്ലാനറ്റോറിയം സന്ദർശിക്കുക. എക്സിബിഷൻ സംഘടിപ്പിക്കുക. | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രവർത്തനമാണെന്ന് മനസിലാക്കൽ | സ്കൂൾ തല പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം പരമാവധി ഉൾപ്പെടുത്തി മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ്. |
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനം ഉറപ്പാക്കൽ. | പ്രത്യേക പരിശീലന ക്ലാസുകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ | അവധി ദിവസങ്ങളിൽ | സയൻസ് അദ്ധ്യാപിക. |
| ലിറ്റിൽ സയിന്റിസ്റ്റ് | (a) പരീക്ഷണങ്ങൾ<br>(b) ഉപകരണ നിർമ്മാണം<br>(c) എക്സിബിഷൻ<br>(d) സയൻസ് ജേർണൽ | 3 മാസം | സയൻസ് ക്ലബ്ബ്<br>P/A |

## ജീവശാസ്ത്രം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ചുമതല |
|---|---|---|---|
| 1. ശാസ്ത്രചിന്താ വളർത്തൽ | കുട്ടികളുടെ കഴിവ് കണ്ടെത്തി അതിനെ പരിപോഷിപ്പിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു. | കാലാനുസൃതമായി നടപ്പിലാക്കൽ. | സയൻസ് കൂട്ടായ്മ. |
| 2. പരീക്ഷണം | പരീക്ഷണത്തിലൂടെ ശാസ്ത്രപഠനം ഉറപ്പാക്കുന്നതിനായി കുട്ടികളെ സജ്ജമാക്കുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നു. | സയൻസ് ക്ലബ്ബ്. |
| 3. ശാസ്ത്രകൗതുകം സൃഷ്ടിക്കൽ. | പരിസ്ഥിതി പഠനത്തിലൂടെയും Field trip ലൂടെയും നേടിയെടുക്കുന്നു. | വർഷത്തിൽ രണ്ടുതവണ. | സയൻസ് കൂട്ടായ്മ. |
| 4. സഹജീവികളോടുള്ള മനോഭാവം | വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളെക്കുറിച്ച് | | |

| | | | |
|---|---|---|---|
| | | | |
| | നേരിടുന്നവരെ സംരക്ഷിക്കുക ആംചെയ്യുക എന്നതിലൂടെ. | മാസത്തിൽ ഒരു പ്രാവശ്യം | സയൻസ് കൂട്ടായ്മ. |
| 5 പരിസ്ഥിതി സംരക്ഷണം | പ്രകൃതിയിലുള്ള മാറ്റങ്ങളെ കുറിച്ചും ചെയ്യേണ്ടുന്ന കാര്യങ്ങൾ, പ്രകൃതി സംരക്ഷണം | എല്ലാ ആഴ്ചകളിലും. | അദ്ധ്യാപക വിദ്യാർത്ഥി കൂട്ടായ്മ. |
| 6. വിളകൾക്കുണ്ടാകുന്ന നാശം, രോഗങ്ങൾ | കാലാവസ്ഥാ വ്യതിയാനം വിളകളെ എങ്ങനെ ബാധിച്ചിട്ടുണ്ട്. സാംക്രമിക രോഗങ്ങളിൽ നിന്നുള്ള പരിരക്ഷ, തടയൽ | ഡ്രൈഡേ ആചരണം | സയൻസ് ക്ലബ്ബ് |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം U.P.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശിൽപ്പശാല- കുട്ടികളിലൂടെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. (നമ്പർകാർഡ്, മുത്തുകൾ, മഞ്ചാടിക്കുരു... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അദ്ധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും രൂപങ്ങളുടെ നിർമ്മാണവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | ഗണിതക്ലബ്ബ്, പി.ടി.എ |
| 3) ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിതാദ്ധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | ഗണിതപാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പരിചയ [illegible] | വർഷത്തിൽ [illegible] | ഗണിതാദ്ധ്യാപകർ ഗണിത [illegible] | പി.ടി.എ |

| | | | | |
|---|---|---|---|---|
| | കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | | | |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ ടാൻഗ്രാം ഇവപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ രണ്ടുപ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നകുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിതാധ്യാപകരും സമർത്ഥരായ വിദ്യാർത്ഥികളും | |
| 8) വിവിധശേഷി | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | മുന്നറിവ് പരിശോധിക്കൽ | ചതുഷ് ക്രിയകൾ ഉൾപ്പെടുന്ന പഠനപ്രവർത്തനങ്ങൾ, ജ്യാമിതീയ രൂപങ്ങളുടെ പരിചയപ്പെടൽ | ഹ്രസ്വം | അധ്യാപിക ഗ്രൂപ്പ് ലീഡേഴ്സ്. |
| 2. | ഗണിത പഠനം രസകരമാക്കൽ | ഗണിത ക്വിസ്, ഗണിത കേളി ക്ലാസ്സ് റൂം ഗണിത വൽക്കരണം പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ദീർഘം | അധ്യാപിക ഗണിത ക്ലബ് |
| 3. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾ. | പ്രോജക്ട്, സെമിനാർ, അസൈൻമെന്റ്. | ദീർഘം. | ഗണിത ക്ലബ്. |
| 4. | ജ്യാമിതീയ രൂപങ്ങളുടെ പരപ്പളവ്, ചുറ്റളവ് തുടങ്ങിയ ക്രിയകൾ ഉപയോഗപ്പെടുത്തുന്ന സന്ദർഭങ്ങൾ. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ICT, പ്രോജക്ട്. പ്രദർശനം. | ദീർഘം. | അധ്യാപിക ഗണിത ക്ലബ്. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല. |
|---|---|---|---|---|
| 5. | ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ ഇവയുടെ ക്രിയകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | ICT, ക്വിസ്, പ്രോജക്ട്. | ദീർഘം | അധ്യാപിക ഗണിത ക്ലബ്. |
| 6. | സംഖ്യാ ബന്ധങ്ങളും അവയുടെ വിഭജനവും ഉൾപ്പെടുന്ന സന്ദർഭങ്ങൾ. | ക്വിസ്, പ്രോജക്ട്. | ദീർഘം | അധ്യാപിക ഗണിത ക്ലബ്. |
| 7. | ഗണിത പ്രവർത്തനങ്ങളിൽ നിന്നും സമവാക്യ രൂപീകരണവും പരിഹാരവും. | ക്വിസ്, പ്രോജക്ട്. | ദീർഘം | അധ്യാപിക ഗണിത ക്ലബ്. |
| 8. | സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണവും വിശകലനവും. | ICT, പ്രോജക്ട് | ദീർഘം | അധ്യാപിക ഗണിത ക്ലബ്. |